2018 ജൂലൈ
7
ശനി
1193 മിഥുനം 23

മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ
www.metrovaartha.com
16 പേജ് ₹ 7.00
KOCHI

ഇംഗ്ലണ്ടിന് സ്വീഡിഷ് ചലഞ്ച്
കായികം

കാനറികളും വീണു, ബെൽജിയം സെമിയിൽ

മത്സരഫലം
ഫ്രാൻസ് 2 - 0 ഉറുഗ്വെ
ബെൽജിയം 2 - 1 ബ്രസീൽ

കസാൻ: റഷ്യൻ ലോകകപ്പിൽ നിന്ന് ലാറ്റിൻ അമെരിക്ക പുറത്ത്. ക്വാർട്ടർ ഫൈനലിൽ ബെൽജിയം ഒന്നിനെതിരേ രണ്ട് ഗോളുകൾക്ക് ടൂർണമെന്റ് ഫേവറിറ്റുകളായ ബ്രസീലിനെ തോൽപ്പിച്ച് സെമിയിൽ ഇടംപിടിച്ചു. മത്സരത്തിലുടനീളം വീറുറ്റ പോരാട്ടം നടത്തിയെങ്കിലും ഗോളടിക്കാൻ മറന്നതാണ് ബ്രസീലിന് വിനയായത്.

13-ാം മിനിറ്റിൽ ഫെർണാണ്ടീന്യോയുടെ സെൽഫ് ഗോളിലാണ് ബെൽജിയം മുന്നിലെത്തിയത്. എന്നാൽ 31ാം മിനിറ്റിൽ ബ്രസീലിന്റെ പ്രതിരോധ താരങ്ങൾക്കിടയിലൂടെ ലുകാകു നൽകിയ ത്രൂപാസ് പിടിച്ചെടുത്ത് കെവിൻ ഡി ബ്രുയിൻ ബോക്സിലേക്ക് ഓടിക്കയറി വല ചലിപ്പിക്കുകയായിരുന്നു. ഡി ബ്രുയിനിന്റെ ബുള്ളറ്റ് ഷോട്ട് ബ്രസീലിയൻ ഗോൾകീപ്പർ അലിസന് തടുക്കാവുന്നതിലും അപ്പുറമായിരുന്നു.

രണ്ടാം പകുതിയിൽ രണ്ട് മാറ്റങ്ങളുമായി ഇറങ്ങിയ ബ്രസിൽ 76-ാം മിനിറ്റിൽ ആശ്വാസ ഗോൾ കണ്ടെത്തി. കുട്ടീഞ്ഞോയുടെ ക്രോസിൽ റെനാറ്റോ അഗസ്റ്റോയാണ് ഗോൾ നേടിയത്.

ഇന്നലെ ആദ്യം നടന്ന മത്സരത്തിൽ ഉറുഗ്വെയുടെ സ്വപ്നങ്ങൾ തച്ചുടച്ച ഫ്രഞ്ച് പട സെമി ഫൈനലിലേക്ക് കുളമ്പടിച്ചു. റാഫേൽ വരാനെ (40ാം മിനിറ്റ്), അന്റോയ്ൻ ഗ്രിസ്മാൻ (61) എന്നിവരുടെ ഗോളുകളാണ് ഫ്രാൻസിന്റെ പ്രയാണം അനായാസമാക്കിയത്.

ഇന്നത്തെ മത്സരം
സ്വീഡൻ- ഇംഗ്ലണ്ട്
രാത്രി 7.30
റഷ്യ- ക്രൊയേഷ്യ
രാത്രി 11.30

ബ്രസീലിനെതിരേ ഗോൾ നേടിയ ബെൽജിയം താരങ്ങളുടെ ആഹ്ലാദം.

ലക്ഷ്മി മേനോന് റോയൽ സൊസൈറ്റി ഫെലോഷിപ്പ്

കൊച്ചി: മലയാളിയായ മേക്കപ്പ് ആർട്ടിസ്റ്റ് ലക്ഷ്മി മേനോന് ലണ്ടനിലെ പ്രശസ്തമായ റോയൽ സൊസൈറ്റി ഒഫ് ആർട്സിൽ (ആർഎസ്എ) ഫെലൊ ഷിപ്പ്. ഇന്ത്യയിൽ നിന്ന് ഒരു മേക്കപ് ആർട്ടിസ്റ്റിന് ഇത്തരമൊരു ബഹുമതി ലഭിക്കുന്നത് ഇതാദ്യം. ബ്രിട്ടിഷ് രാജ്ഞി എലിസബത്ത് രക്ഷാധികാരിയായുള്ള സൊസൈറ്റിൽ ജയിംസ് ബോണ്ട് നായിക ജൂഡി ഡെഞ്ച്, ഗായകൻ അലക്സ് ജയിംസ്, കംപോസർ ബെൻസൺ ടെയ്ലർ എന്നിവർക്കൊപ്പമാണു ലക്ഷ്മിക്കു ഫെല്ലോ ഷിപ്.

കൊച്ചിയിലെ ഫെയ്സ് പാലറ്റ് പ്രൊ മേക്കപ്പ് അക്കാഡമിയുടെ ക്രിയേറ്റിവ് ഹെഡാണ് തൃശൂർ സ്വദേശി ലക്ഷ്മി. മേക്കപ്പ് വൈദഗ്ധ്യം മറ്റു സ്ത്രീകൾക്കും പകർന്നു നൽകുക വഴി അവരെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുന്നതിൽ ലക്ഷ്മി വഹിച്ച പങ്ക് പരിഗണിച്ചാണു ഫെല്ലോഷിപ്പ്. ബഹുമതിയിൽ സന്തോഷമുണ്ടെന്നു ലക്ഷ്മി പ്രതികരിച്ചു.

മെട്രോ വാർത്ത
ദിനപത്രത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾക്കും അന്വേഷണങ്ങൾക്കും
Customer Care Number:
0484 3060808
customercare@metrovaartha.com
എന്ന നമ്പറിൽ വിളിക്കുക
(10.00 a.m. - 5.30 p.m.
Except sundays & Holidays)

100% BIS, 916 HALLMARKED
Chungath JEWELLERY SINCE 1914
Maharaja Metro Jn., M.G.Road
ERNAKULAM. 0484-2369916
OPEN ON SUNDAYS
VALET PARKING AVAILABLE

സ്വർണം

ഗ്രാം	- 2,840
പവൻ	- 22,720

അഴിമതിപ്പണം കൊണ്ട് ആഡംബര ഫ്ലാറ്റ്

നവാസ് ഷെരീഫിന് 10 വർഷം തടവ്

ഇസ്ലാമാബാദ്: അഴിമതിക്കേസിൽ കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തിയ പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന് പത്തു വർഷം തടവ്. കൂട്ടുപ്രതിയും മകളുമായ മറിയത്തിന് ഏഴു വർഷം തടവ്. പാക് അക്കൗണ്ടബിലിറ്റി കോടതിയുടേതാണ് നവാസ് ഷെരീഫിന്റെ രാഷ്ട്രീയ ജീവിതത്തിനു തന്നെ അന്ത്യം കുറിക്കുന്ന വിധി. ഈ മാസം 25നാണു പാക്കിസ്ഥാനിൽ പൊതുതെരഞ്ഞെടുപ്പ്.

നവാസ് ഷെരീഫ് 80 ലക്ഷം പൗണ്ടും (ഏകദേശം 73 കോടി രൂപ) മറിയം 20 ലക്ഷം പൗണ്ടും (18 കോടി രൂപ) പിഴയടയ്ക്കണം. മറിയത്തിന്റെ ഭർത്താവ് ക്യാപ്റ്റൻ സഫ്ദറിന് ഒരു വർഷം തടവു വിധിച്ചിട്ടുണ്ട്. ലണ്ടനിലെ അവൻഫീൽഡിൽ നാല് ആഡംബര ഫ്ലാറ്റുകൾ സ്വന്തമാക്കിയതു സംബന്ധിച്ച് ഒരു വർഷം മുൻപ് രജിസ്റ്റർ ചെയ്ത കേസിലാണു വിധി. ക്യാൻസർ രോഗ ബാധിതയായ ഭാര്യ കുൽസും നവാസിന്റെ നില അതീവ ഗുരുതരമായതിനാൽ താൻ ലണ്ടനിലാണെന്നും വിധി ഒരാഴ്ചയെങ്കിലും നീട്ടിവയ്ക്കണമെന്നും നവാസ് ഷെരീഫ് അഭ്യർഥിച്ചിരുന്നു. എന്നാൽ, കോടതി ഇതു പരിഗണിച്ചില്ല.

ലണ്ടനിലെ വിവാദ ഫ്ലാറ്റുകളെ സംബന്ധിച്ചു നേരത്തേ പാനമ രേഖകളിലും പരാമർശിച്ചിരുന്നു.

അഴിമതിപ്പണം കൊണ്ടാണ് ഈ ഫ്ലാറ്റുകൾ വാങ്ങിയതെന്നായിരുന്നു കേസ്. യൂറോപ്പിലെ നികുതി വെട്ടിപ്പു കേന്ദ്രമെന്ന് അറിയപ്പെടുന്ന ബ്രിട്ടിഷ് വിർജിൻ ദ്വീപിൽ രജിസ്റ്റർ ചെയ്ത കടലാസ് കമ്പനികളുടെ പേരിലായിരുന്നു ഫ്ലാറ്റ്. മക്കളായ മറിയവും ഹുസൈനും ഉപയോഗിച്ചിരുന്ന ആഡംബര വസതികൾ വാങ്ങാൻ ഡ്യൂഷെ ബാങ്കിൽ നിന്നു കടലാസ് കമ്പനികൾക്കു വായ്പയായി നൽകിയ 70 ലക്ഷം പൗണ്ടാണ് ഉപയോഗിച്ചതെന്നു രേഖയുണ്ടാക്കിയതായും കണ്ടെത്തിയിരുന്നു.

വ്യാജ കമ്പനികളുമായി തങ്ങൾക്കു ബന്ധമില്ലെന്നായിരുന്നു നവാസ് ഷെരീഫിന്റെയും മറിയത്തിന്റെയും വാദം.

തൊണ്ണൂറുകളിൽ പ്രധാനമന്ത്രിയായിരിക്കേ ഷെരീഫും കുടുംബാംഗങ്ങളും വിദേശത്തു കോടികളുടെ വസ്തുവകകൾ വാങ്ങിക്കൂട്ടിയതായി അന്വേഷണ സംഘം കണ്ടെത്തിയിരുന്നു. 2013-ലെ പൊതുതെരഞ്ഞെടുപ്പിൽ നാമനിർദേശപത്രികയ്ക്കൊപ്പം സമർപ്പിച്ച സ്വത്തുവിവരത്തിൽ ദുബായ് കേന്ദ്രീകരിച്ചുള്ള ആസ്തികൾ മറച്ചുവയ്ക്കുകവഴി പ്രധാനമന്ത്രി പാർലമെന്റിനെയും കോടതിയെയും വഞ്ചിച്ചതായും സുപ്രീംകോടതി പരാമർശമുണ്ടായിരുന്നു.

വരവിൽക്കവിഞ്ഞ സ്വത്തിന്റെ പേരിൽ കഴിഞ്ഞ ജൂലൈയിൽ നവാസ് ഷെരീഫിനെ പാക് സുപ്രീം കോടതി പ്രധാനമന്ത്രി സ്ഥാനത്തു നിന്നു പുറത്താക്കിയിരുന്നു. എന്നാൽ, ഇതിനുശേഷവും പാക്കിസ്ഥാൻ മുസ്‌ലിം ലീഗിൽ (എൻ) തന്റെ സ്വാധീനം ഉലയാതെ നോക്കാൻ കഴിഞ്ഞിരുന്നു നവാസ് ഷെരീഫിന്.

തന്നോട് ഇടഞ്ഞ സൈനിക നേതൃത്വം ചമയ്ക്കുന്ന കേസുകളാണിവയെന്നായിരുന്നു നവാസ് ഷെരീഫിന്റെ വാദം. ഇന്നലത്തെ വിധി പക്ഷേ, നവാസ് ഷെരീഫിന്റെ ഈ വാദങ്ങൾക്കും തിരിച്ചടിയാകും.


നവാസ് ഷെരീഫ്

മറിയം നവാസ്

- മകൾ മറിയത്തിന് ഏഴു വർഷം തടവ്
- മുൻ പാക് പ്രധാനമന്ത്രിയുടെ രാഷ്ട്രീയ ജീവിതത്തിന് അന്ത്യം കുറിക്കുന്ന വിധി

ക്ഷേത്രപ്രവേശനത്തിന് മതം തടസമാകരുത്: സുപ്രീം കോടതി

നിയമകാര്യ ലേഖകൻ

ന്യൂഡൽഹി: ജാതി, മത വ്യത്യാസങ്ങൾക്കപ്പുറം ആരാധനാലയങ്ങളിൽ പ്രാർഥിക്കാൻ ഭക്തർക്ക് അവകാശമുണ്ടെന്ന് സുപ്രീം കോടതി. പുരി ജഗന്നാഥ ക്ഷേത്രത്തിലെ പ്രവേശനം സംബന്ധിച്ച ഹർജി തീർപ്പാക്കിക്കൊണ്ടാണ് സുപ്രീം കോടതിയുടെ സുപ്രധാനമായ ഉത്തരവ്. അന്യമതസ്ഥർക്കു പ്രവേശനം നിഷേധിച്ചിട്ടുള്ള കേരളത്തിലേതടക്കം നിരവധി ക്ഷേത്രങ്ങളിലും പരാതി ഉണ്ടെങ്കിൽ ഈ വിധി ബാധകമാകാവുന്ന സാധ്യതകളാണ് സുപ്രീം കോടതി വിധിയിൽ ചൂണ്ടിക്കാണിക്കുന്നത്.

രാജ്യത്തെ എല്ലാ ആരാധനാലയങ്ങളിലെയും നടത്തിപ്പും രീതികളും പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്രം പ്രത്യേക സമിതിയെ നിയോഗിക്കണമെന്നും സുപ്രീം കോടതി ആവശ്യപ്പെട്ടു. സമിതിയെ നിയോഗിക്കുന്നതിനായി രണ്ടാഴ്ചത്തെ സമയവും അനുവദിച്ചിട്ടുണ്ട്. വിശ്വാസികളെ ചൂഷണം ചെയ്യുന്ന തരത്തിൽ ആരാധനാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഈ സമിതി പരിശോധിക്കണമെന്ന് ഉത്തരവിലുണ്ട്.

ക്ഷേത്രാചാരങ്ങളും മര്യാദകളും പാലിക്കാൻ തയാറാകുന്ന ഏതു മതസ്ഥരെയും ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് പുരി ജഗന്നാഥ ക്ഷേത്രം മാനെജ്മെന്റിനോടു സുപ്രീം കോടതി നിർദേശിച്ചത്. ക്ഷേത്രത്തിൽ നിലവിലുള്ള വസ്ത്രധാരണ രീതികളേക്കാൾ പാലിക്കാൻ തയാറാകുന്ന വിശ്വാസികൾക്ക്, അവരുടെ മതമേതെന്നു നോക്കാതെ തന്നെ ആരാധനയ്ക്കുള്ള സൗകര്യമൊരുക്കുന്ന കാര്യം പരിഗണിച്ച് ഉചിതമായി തീരുമാനിക്കാവുന്നതാണെന്ന് ജസ്റ്റിസുമാരായ എ.കെ. ഗോയൽ, എസ്. അബ്ദുൾ നസീർ എന്നിവരടങ്ങുന്ന ബെഞ്ച് നിർദേശിച്ചു.

വസ്ത്രധാരണച്ചട്ടങ്ങൾ ഉൾപ്പെടെ, ക്ഷേത്ര നിയന്ത്രണങ്ങൾക്കു വിധേയമായി ഏതു മതവിശ്വാസിയെയും ദർശനത്തിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് മുണാളിനി പഥിയാണ് സുപ്രീം കോടതിയിൽ പൊതുതാത്പര്യ ഹർജി നൽകിയത്.

ഹിന്ദുമതം മറ്റേതൊരു വിശ്വാസത്തെയും തള്ളിപ്പറയുന്നില്ലെന്നു കോടതി നിരീക്ഷിച്ചു. ക്ഷേത്രപ്രവേശനം അനുവദിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് ജില്ലാ കോടതികൾക്ക് അധികാരമുണ്ടാവും. വിശ്വാസികളെയും വിശ്വാസത്തെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ജില്ലാ കോടതിക്കു തയാറാക്കി ഹൈക്കോടതിക്കു കൈമാറാം. അതൊരു പൊതുതാത്പര്യ ഹർജി പോലെ പരിഗണിച്ച് ഹൈക്കോടതിക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും സുപ്രീം കോടതി വ്യക്തമാക്കി.

പുരിയിൽ ധാരാളം സഞ്ചാരികൾ എത്താറുണ്ടെങ്കിലും ക്ഷേത്രത്തിലെ പ്രധാന ശ്രീകോവിലിൽ എല്ലാവർക്കും ദർശന സൗകര്യം നൽകാറില്ലെന്ന് പുരി ജില്ലാ ജഡ്ജി സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ഓണപ്പരീക്ഷ ഓണത്തിന് ശേഷം

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകളിൽ ഈ വർഷം ഓണപ്പരീക്ഷ ഓണത്തിന് ശേഷം നടക്കും. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന യോഗത്തിലാണ് തീരുമാനം. അവധിക്ക് ശേഷം ഓഗസ്റ്റ് 30 വ്യാഴാഴ്ച മുതലായിരിക്കും പരീക്ഷകൾ തുടങ്ങുന്നതെന്നു വിദ്യാഭ്യാസവകുപ്പ് അറിയിച്ചു. പാഠപുസ്തക വിവാദമുണ്ടായതിനെ തുടർന്ന് 2015ലും മുൻപ് പരീക്ഷ നീട്ടിവച്ചിരുന്നു.

പേജ് 13

മെട്രോ മാധ്യം

സിപിഎമ്മുമായി ബന്ധം വേണ്ടെന്ന് ബംഗാൾ കോൺഗ്രസ്.

സിപിഎം പാർട്ടി കോൺഗ്രസിലെ ചർച്ചകളൊക്കെ വെറുതേ...!

www.facebook.com/metrovaarthaofficial

അഭിമന്യു വധം: അന്വേഷണ സംഘത്തിൽ അഴിച്ചുപണി

സ്വന്തം ലേഖകൻ

- അനന്തലാലിനെ മാറ്റി; എസിപി സുരേഷ്കുമാറിനു ചുമതല
- പ്രതികൾക്കായി ഇതര സംസ്ഥാനങ്ങളിലും തെരച്ചിൽ

കൊച്ചി: അഭിമന്യു വധക്കേസിൽ മുഖ്യപ്രതികൾ കേരളം വിട്ടെന്ന സൂചനയെത്തുടർന്ന് ഇതര സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചും തെരച്ചിൽ. കൂടുതൽ പൊലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണം സംഘം വിപുലീകരിച്ചു.

കഴിഞ്ഞ രണ്ടിനു പുലർച്ചെയാണു മഹാരാജാസ് കോളെജ് വിദ്യാർഥിയും എസ്എഫ്ഐ നേതാവുമായ അഭിമന്യു കൊല്ലപ്പെട്ടത്. സംഭവം നടക്കുമ്പോൾ കോളെജ് പരിസരത്തുണ്ടായിരുന്നവർ തടഞ്ഞുവച്ചു കൈമാറിയ മൂന്നു പ്രതികൾ ഉൾപ്പെടെ നാലു പേർ മാത്രമാണ് ഇതുവരെ പിടിയിലായത്. 15 അംഗ കൊലയാളി സംഘത്തിലെ 12 പ്രതികളും ഒളിവിലാണ്. ഇവർ ഇടുക്കി വഴി തമിഴ്നാട്ടിലേക്കും തുടർന്നു കർണാടകയിലേക്കും കടന്നതായിട്ടാണു സംശയം. പ്രതികൾക്കായി മൈസൂർ, കുടക്, മംഗലാപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം തുടരുന്നു.

കേസന്വേഷണച്ചുമതലയിൽ നിന്നു സെൻട്രൽ സിഐ എ. അനന്തലാലിനെ ഒഴിവാക്കി. പകരം സിറ്റി കൺട്രോൾ റൂം അസിസ്റ്റന്റ് സിറ്റി പൊലീസ് കമ്മിഷണർ സുരേഷ്കുമാറിനെ ഏൽപ്പിച്ചു. കേസിന്റെ പ്രാധാന്യം കണക്കിലെടുത്താണിത്. അന്വേഷണ സംഘത്തിൽ അനന്തലാൽ തുടരുമെന്നു ബന്ധപ്പെട്ടവർ അറിയിച്ചു. റെയ്ഞ്ച് ഐജി വിജയ് സാഖറെയുടെ നിർദേശ പ്രകാരമാണിത്. എറണാകുളം അസിസ്റ്റന്റ് സിറ്റി പൊലീസ് കമ്മിഷണർ കെ. ലാൽജിയും കൂടുതൽ സിഐമാരും സംഘത്തിലുണ്ട്. നാലു ദിവസം കഴിഞ്ഞിട്ടും ഒന്നാംപ്രതി മുഹമ്മദ് ഉൾപ്പെടെയുള്ളവർ പിടിയിലാകാത്തത് അന്വേഷണ സംഘത്തെ സമ്മർദത്തിലാക്കിയിട്ടുണ്ട്. പ്രതികൾ നാടുവിടാതിരിക്കാൻ ലുക്ക് ഔട്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്മാർട്ട് കൊച്ചിക്ക് സ്മാർട്ട് പാർക്കിങ്

സ്വന്തം ലേഖകൻ

കൊച്ചി: അനുദിനം സ്മാർട്ടാകുന്ന കൊച്ചിയിൽ സ്മാർട്ട് പാർക്കിങ് സംവിധാനം യാഥാർഥ്യമാകുന്നു. കൊച്ചി കോർപ്പറേഷൻ വിഭാവനം ചെയ്യുന്ന മൾട്ടി ലെവൽ പാർക്കിങ് പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു. നഗരത്തിലെ ഏറ്റവും തിരക്കേറിയ പ്രദേശമായ ഷൺമുഖം റോഡ്, എംജി റോഡ്, ബ്രോഡ്വേ എന്നിവിടങ്ങളോടു ചേർന്നാകും പദ്ധതി.

കച്ചേരിപ്പടിയിൽ കോർപ്പറേഷനു സ്വന്തമായുള്ള 80 സെന്റ് സ്ഥലമാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. ടെൻഡർ നടപടികൾ തുടങ്ങി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും കോർപ്പറേഷന്റെയും പങ്കാളിത്തത്തോടെ 50 കോടി രൂപ മുടക്കി പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

പദ്ധതി നടപ്പാക്കുന്നത് കച്ചേരിപ്പടിയിലെ 80 സെന്റ് ഭൂമിയിൽ

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന നഗരത്തിലെ വാഹനങ്ങളെ ഉൾക്കൊള്ളാൻ ഉതകും വിധമാണ് പദ്ധതി. വിവിധ നിലകളിലായി കാറുകൾ നിരനിരയായി പാർക്ക് ചെയ്യാൻ സാധിക്കുമെന്നതാണ് മൾട്ടി ലെവൽ കാർ പാർക്കിങ്ങിന്റെ പ്രത്യേകത.

നിലവിൽ ഇതര മെട്രോ നഗരങ്ങളിൽ ഇത്തരം കാർ പാർക്കിങ് സംവിധാനങ്ങളുണ്ടെങ്കിലും കേരളത്തിൽ സുപരിചിതമല്ല. ലുലു മാളിനോട് ചേർന്ന് ഇപ്പോൾ ഇത്തരം കാർ പാർക്കിങ് ഉണ്ട്. എന്നാൽ രാജ്യത്തിനു തന്നെ മാതൃകയാകുന്ന തരത്തിലാണ് കച്ചേരിപ്പടിയിലെ പാർക്കിങ് സംവിധാനം അത്യാധുനിക രീതിയിൽ സജ്ജമാക്കുകയെന്ന് കോർപ്പറേഷൻ അധികൃതർ വ്യക്തമാക്കി.

നിലവിൽ മറൈൻ ഡ്രൈവിലെ ഹെലിപാഡ് ഗ്രൗണ്ട്, മേനക ജംക്ഷനിലെ ജിസിഡിഎ ഷോപ്പിങ് കോംപ്ലക്സിനോട് ചേർന്ന പാർക്കിങ് ഗ്രൗണ്ട് എന്നിവയും ചില സ്വകാര്യ പാർക്കിങ് ഗ്രൗണ്ടുകളും മാത്രമാണ് ഈ ഭാഗത്ത് ഏക ആശ്രയം. തിരക്കുള്ള ദിവസങ്ങളിൽ പാർക്കിങ് ഗ്രൗണ്ടുകൾ എല്ലാം തന്നെ വാഹനങ്ങൾ നിറഞ്ഞ നിലയിലായിരിക്കും. നഗര സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി ഷൺമുഖം റോഡിൽ നടപ്പാതകൾ ടൈൽ വിരിച്ചു മനോഹരമാക്കിയതോടെ ഈ ഭാഗത്തുള്ള പാർക്കിങ്ങിനും നിയന്ത്രണം വന്നിട്ടുണ്ട്. മൾട്ടിലെവൽ പാർക്കിങ് സിസ്റ്റം യാഥാർഥ്യമാകുന്നതോടെ ഒരു പരിധിവരെ ഇവിടുത്തെ പാർക്കിങ് പ്രശ്നത്തിനു പരിഹാരം കാണാനാകുമെന്നാണു പ്രതീക്ഷ.